**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 408** **23-06-2026-ൽ മറുപടിയ്ക്ക്**

## മാവൂർ ഗ്വാളിയാർ റയോൺസ് ഫാക്ടറി ഭൂമിയിൽ പദ്ധതികൾ ആരംഭിക്കുന്നത്

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. എ. റസാഖ് മാസ്റ്റർ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** മാവൂർ ഗ്വാളിയാർ റയോൺസ് ഫാക്ടറി അടച്ചുപൂട്ടിയതിനു ശേഷം കാൽനൂറ്റാണ്ടായി വെറുതെ കിടക്കുന്ന ഭൂമിയിൽ പുതിയ പദ്ധതികൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** മാവൂർ ഗ്വാളിയാർ റയോൺസിന്റെ കൈവശമുള്ള ഭൂമി തിരികെ ഏറ്റെടുക്കുന്നതിനും, ഇൻഡസ്ട്രിയൽ പാർക്ക് തുടങ്ങുന്നതിന് കിൻഫ്രയ്ക്ക് അനുവദിക്കുന്നതിനുമായി 10-10-2017-ലെ സ.ഉ(എംഎസ്) 97/2017/വ്യവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിനെതിരെ ഗ്വാളിയാർ റയോൺസ് കമ്പനി ബഹു. ഹൈക്കോടതി മുൻപാകെ WP(C)33103/2017 നമ്പരായി റിട്ട് ഹർജി സമർപ്പിക്കുകയും, തുടർന്ന് പ്രസ്തുത സർക്കാർ ഉത്തരവിൻമേൽ ബഹു. ഹൈക്കോടതി സ്റ്റേ ഓർഡർ പുറപ്പെടുവിക്കുകയും ചെയ്തു. നിലവിൽ കേസ് ബഹു.ഹൈക്കോടതിയുടെ പരിഗണനയിലാണ്.

**(ബി)** പ്രസ്തുത ഫാക്ടറിക്കായി സർക്കാർ ഏറ്റെടുത്തു നൽകിയ ഭൂമിയിൽ ബിർള മാനേജ്മെന്റ് പുതിയ പദ്ധതികളൊന്നും നടപ്പാക്കാൻ ഉദ്ദേശിക്കുന്നില്ലെങ്കിൽ അവിടെ നേരിട്ടോ, സ്വകാര്യ പങ്കാളിത്തം വഴിയോ സംരംഭം തുടങ്ങാൻ സർക്കാർ മുൻകൈയെടുക്കാമോയെന്ന് അറിയിയ്ക്കാമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**